**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 155** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സപ്ലൈകോയെ സ്വയം പര്യാപ്തമാക്കുന്നതിന് നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. ആർ. ബൈജു
ശ്രീ. ആര്യാടൻ ഷൗക്കത്ത്
ശ്രീ. സുധീർഷാ പാലോട്

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സപ്ലൈകോയെ സ്വയംപര്യാപ്തമാക്കുന്നതിന് സംഭരണ-വിതരണ നടപടികളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവരുന്നത് എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സപ്ലൈകോയെ സ്വയം പര്യാപ്തമാക്കുന്നതിന് സംഭരണ-വിതരണ നടപടികളിൽ ചുവടെ പറയും പ്രകാരമുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്.

1) പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ നിത്യോപയോഗസാധനങ്ങൾ ലഭിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ e - tender നടത്തുന്നതിന് ഒരു Tender കലണ്ടർ രൂപീകരിക്കുകയും അതനുസരിച്ച് യഥാസമയം tender നടത്തുകയും ചെയ്യുന്നു.

2) സപ്ലൈകോ ഔട്ട്ലറ്റുകളിൽ സാധനങ്ങൾ മതിയായ അളവിൽ സ്റ്റോക്ക് ചെയ്യുന്നതിനായി ഔട്ട്ലറ്റ് മാനേജർമാർക്ക് നേരിട്ട് Indent ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.ഔട്ട്ലറ്റുകളിൽ സാധനങ്ങൾ സ്റ്റോക്ക് ചെയ്തിട്ടുള്ളത് പരിശോധിക്കുന്നതിനായി ഹെഡ്ഓഫീസ് തലത്തിൽ ഒരു മോണിറ്ററിംഗ് ടീമും പ്രവർത്തിച്ചു വരുന്നു.

3) Tender കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ Suppliers/Vendors നെ tenderൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

സപ്ലൈകോ വിൽപ്പനശാലകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2026-27 സാമ്പത്തിക വർഷത്തിൽ വിപണന സാധ്യതയുള്ള 100 സപ്ലൈകോ വിൽപ്പനശാലകൾ തെരഞ്ഞെടുത്ത് സൂപ്പർസ്റ്റോർ/സൂപ്പർമാർക്കറ്റ് ആയി നവീകരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കും. നിലവിലുള്ള സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ തെരഞ്ഞെടുക്കപ്പെട്ടവ ആധുനികവൽക്കരിച്ച് സിഗ്നേച്ചർമാർട്ട് ആയി ഉയർത്തുന്നതിനും നടപടികൾ സ്വീകരിക്കും.

**(ബി)** സപ്ലൈകോയ്ക്ക് കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക എത്രയാണ്; അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** കേന്ദ്ര സർക്കാരിൽ നിന്നും സപ്ലൈകോയ്ക്ക് 24.06.2026 തീയതി പ്രകാരം "നെല്ല് സംഭരണ" ഇനത്തിൽ 2020-2021 കാലയളവ് മുതലുള്ള ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാത്തത് മൂലം ലഭിക്കാനുള്ള 320.36 കോടി രൂപ ഉൾപ്പെടെ 1399.7 കോടി രൂപയും "ആത്മനിർഭർ ഭാരത്" ഇനത്തിൽ 1.48

കോടിയും "പി ഡി എസ് പഞ്ചസാര" ഇനത്തിൽ 2.97 കോടിയും ചേർത്ത് ആകെ 1404.15 കോടി രൂപ അനുവദിച്ച് നൽകുവാനുണ്ട്.

**(സി)** സപ്ലൈകോയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പദ്ധതിയുണ്ടോ; പുതിയ പദ്ധതികളും ഔട്ട്ലെറ്റ് സംവിധാനങ്ങളും ആധുനിക വിപണന സാധ്യതകളും ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

**മറുപടി:** സപ്ലൈകോ വിൽപ്പനശാലകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2026-27 സാമ്പത്തിക വർഷത്തിൽ വിപണന സാധ്യതയുള്ള 100 സപ്ലൈകോ വിൽപ്പനശാലകൾ തെരഞ്ഞെടുത്ത് സൂപ്പർസ്റ്റോർ/സൂപ്പർമാർക്കറ്റ് ആയി നവീകരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കും. നിലവിലുള്ള സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ തെരഞ്ഞെടുക്കപ്പെട്ടവ ആധുനികവൽക്കരിച്ച് സിഗ്നേച്ചർമാർട്ട് ആയി ഉയർത്തുന്നതിനും നടപടികൾ സ്വീകരിക്കും.

കൂടാതെ യാത്രക്കാരുടെ സൗകര്യാർത്ഥം കെ.എസ്.ആർ.ടി.സി. സ്റ്റാൻഡുകൾ, വൈറ്റില മൊബിലിറ്റി ഹബ്, സപ്ലൈകോ പെട്രോൾ പമ്പുകൾ എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സപ്ലൈകോ **'കൺവീനിയൻസ് സ്റ്റോറുകൾ'** ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

സപ്ലൈകോ വിൽപ്പനശാലകളിൽ നിന്ന് വിൽപ്പനേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൊച്ചി മെട്രോ മാതൃകയിൽ **Digital Display Screens** സ്ഥാപിച്ച് പരസ്യവരുമാനം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ശബരി ഉൽപ്പന്നങ്ങളുടെ പരസ്യങ്ങൾക്കൊപ്പം ടെക്സ്റ്റൈൽസ്, ജ്വല്ലറി തുടങ്ങിയ സ്ഥാപനങ്ങളുടെ പരസ്യങ്ങളും ഉൾപ്പെടുത്തി അധിക വരുമാനം ഉറപ്പാക്കും.

ഇതിനുപുറമെ വിവിധ കമ്പനികളുമായി ചേർന്ന് സപ്ലൈകോ വിൽപ്പനശാലകളിലെ റാക്കുകളിലും എൻഡ് റാക്കുകളിലും **Branding Space** അനുവദിച്ചുകൊണ്ടും പരസ്യം പ്രദർശിപ്പിച്ചു കൊണ്ടും വരുമാനം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**